പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3068 — 18.06.2019-ൽ മറുപടിക്ക്

കുന്നത്തുനാട്ടിലെ ഭൂമി തരം മാറ്റുവാൻ പുറപ്പെടുവിച്ച ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ കുന്നത്തു നാട്ടിലെ 15 ഏക്കർ ഭൂമി തരംമാറ്റുവാൻ ജില്ലാകളക്ടർ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ജില്ലാ കളക്ടർ തരം മാറ്റുന്നതിന് അനുമതി നൽകിയിട്ടില്ല. കുന്നത്ത് നാട്ടിൽ Speaks Properties Ltd എന്ന സ്ഥാപനത്തിന് ഉണ്ടായിരുന്ന 15 ഏക്കറോളം ഭൂമി 2015-ൽ മണ്ണിട്ട് നികത്തിയതിനെ തുടർന്ന് പ്രസ്തുത ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും അപേക്ഷകന് സ്ഥലം ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമ പ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കുന്നതിന് അനുമതി നൽകി ക്കൊണ്ടും 31.01.2019-ലെ സ.ഉ (സാധാ) 337/19/റവ നം. പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 08.05.2019-ലെ സ.ഉ (സാധാ) 1090/19/റവ നമ്പർ പ്രകാരം പ്രസ്തുത ഉത്തരവ് മരവിപ്പിക്കുകയുണ്ടായി. |
| (ബി) ജില്ല കളക്ടറുടെ ഉത്തരവ് റദ്ദാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;<br>(സി) സർക്കാർ ഈ വിഷയത്തിൽ സ്വീകരിച്ച നിലപാടുകൾ അറിയിക്കുമോ? | (ബി) & (സി) ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ Speaks Properties Ltd സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി പരിശോധി ക്കുകയും രേഖകൾ പരിശോധിക്കുകയും ഹിയറിംഗ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചത്. പിന്നീട് ഈ ഉത്തരവ് മരവിപ്പിക്കുകയും വിശദ പരിശോധന യ്ക്കായി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ